# ഓണമേ വെല്‌വൂതാക

കെ.ജി. പൗലോസ്

1

മലയാളിയുടെ മധുരിമയേറുന്ന ഓർമ്മയാണ് ഓണം. മലനാടിന്റെ അബോധ സ്മൃതികളിൽ എന്നാണ് മാവേലി കടന്നു കയറിയതെന്ന് നിർണ്ണയിക്കാൻ വിഷമമുണ്ട്. എങ്കിലും പൊന്നുതമ്പുരാൻ പ്രജകളെ കാണാനെത്തുന്ന ദിവസം കാത്താണ് കൊല്ലം മുഴുവനും മലയാളി കഴിഞ്ഞുകൂടുന്നത്.

ഓണമേ വെല്‌വൂതാക
മാബലി മലയാളം കാണാനെഴുന്നെള്ളി
വന്നീടും സുദിനമേ

എന്നു പാടുമ്പോൾ വള്ളത്തോൾ തുടികൊട്ടി ഉണർത്തുന്നത് ആ മധുരസ്മരണകളെയാണ്.

ചിങ്ങമാസത്തിലെ ഓണത്തുന്നാൾ
മാവേലി താനും വരുമിവിടെ
പണ്ടേതിനേക്കാൾ വിചിത്രമായി
വേണ്ടുന്നതെല്ലാമൊരുക്കിടേണം

എന്നാണ് ഓണപ്പാട്ടിലെ നിർദ്ദേശം. ഇത്ര ആദരവോടെ മലയാളി ആ വരവിന് വേണ്ടി കാത്തിരിക്കുന്നത് മാവേലി നാടുവാണിരുന്ന കാലത്തെപ്പറ്റി പരമ്പരയായി കൈമാറിക്കിട്ടിയ സങ്കൽപ്പങ്ങളെതാലോലിച്ചാണ്. കള്ളവും ചതിയുമില്ല, എള്ളോളം പൊളിവചനമില്ല; കള്ളപ്പറയില്ല, ചെറുനാഴിയില്ല. എല്ലാറ്റിനുമുപരി മാനുഷരെല്ലാരും ഒന്നുപോലെ ആകുന്ന സമത്വസുന്ദരമായ കാലം. കണ്ണീർകുടിച്ച് രാപ്പലുകൾ തള്ളിനീക്കിയ, ജാതിയുടെ പേരിൽ മാറ്റി നിർത്തപ്പെട്ട, മൃഗത്തേക്കാൾ മോശമായ രീതിയിൽ അപമതിക്കപ്പെട്ട കീഴാളജനതയുടെ എക്കാലത്തെയും വിമോചനസ്വപ്നമായിരുന്നു മഹാബലിയുടെ ഭരണകാലം. തങ്ങളെപ്പോലെ ചതിക്കപ്പെട്ട് പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തപ്പെട്ട ആ വീരനായകന്റെ ദാരുണാന്ത്യത്തിൽ അവരുടെ നെഞ്ചകം നീറി. അപ്പൊഴും ആ മഹാത്യാഗത്തെ (മഹാ ബലിയെ) അവരാദരിച്ചു. തോറ്റവനെ ജയിച്ചവനേക്കാൾ ആദരിക്കുന്ന മനുഷ്യമനസ്സിന്റെ മഹാസമസ്യയാണത്. സ്വയമെത്ര വീർപ്പിച്ചാലും വാമനൻ കുള്ളൻ തന്നെയാണവരുടെ മനസ്സിൽ. ആ കാത്തിരിപ്പ് സാഫല്യമണയുന്ന ദിവസമാകയാലാണ് വള്ളത്തോൾ അതിനെ സുദിനം എന്ന് വാഴ്ത്തിയത്.

2

ദക്ഷിണേന്ത്യ മൊത്തമുള്ളതാണ് മഹാബലി എന്ന സങ്കല്പം. പുരാണങ്ങളിലെ വിവരണമനുസരിച്ച് അനേകം ആയിരത്താണ്ടുകൾക്കപ്പുറത്താണ് അദ്ദേഹം ജീവിച്ചിരുന്നത്. അസുരനായിരുന്നു അദ്ദേഹം. ദേവന്മാരും അസുരന്മാരും എന്നും ശത്രുക്കളാണ്. ദക്ഷിണേന്ത്യയിൽ എവിടെയോ ആയിരുന്നു മഹാബലി ഭരിച്ച നാട്. തെക്കേ ഇന്ത്യയിലുള്ളവരെയെല്ലാം രാക്ഷസന്മാരും വാനരന്മാരുമൊക്കെയായിട്ടാണ് ദേവൻമാർ കരുതിപ്പോന്നത്. അങ്ങനെയാണ് എല്ലാ ഗുണങ്ങളുടേയും വിളനിലമായിരുന്ന മഹാബലി അസുരനായത്; അസൂയ മൂത്ത ദേവന്മാർക്ക് വധ്യനായത്. അസുരചക്രവർത്തിയെ നേരിട്ട് തോൽപിക്കാൻ ദേവൻമാർക്ക് കരുത്തില്ല. അതുകൊണ്ട് അവർ മൂന്നടി മണ്ണ് യാചിക്കുന്ന കുതന്ത്രം പ്രയോഗിച്ചു. ചതി തിരിച്ചറിഞ്ഞെങ്കിലും മഹാബലി ഭീരുവായില്ല. സംയമത്തോടെ പാതാളത്തെ വരിച്ചു. കീഴാളർക്ക് ഗുണം ചെയ്യുന്നവരെ നേരിട്ടല്ല, ചതിയി

ലാണ് മേലാളർ കുരുക്കുന്നത്. ആ കുരുക്കിൽ ഹോമിക്കപ്പെട്ട ആദ്യത്തെ ആളല്ല മഹാബലി; അവസാനത്തേതാകുകയുമില്ല. ഈ തിരിച്ചറിവാണ് മഹാബലിയെ ഇത്രയേറെ സ്നേഹിക്കാൻ മലയാളിയെ പ്രേരിപ്പിച്ചത്. കോരന് കഞ്ഞി എന്നും കുമ്പിളിലാണെങ്കിലും പൊന്നു തിരുമേനി യുടെ ഓർമ്മയ്ക്ക് ഒരു ദിവസം അവൻ കുമ്പിളിൽ ചോറ് നിറയുന്നത് സ്വപ്നം കണ്ടു, തങ്ങളുടെ വിളകളിൽ ഏറ്റവും മുന്തിയതുമായി പടിയ്ക്കലേയ്ക്കോടി, തമ്പ്രാനത് കാഴ്ചവെച്ചു. തൃക്കൺ നിറയുന്നതു കണ്ട് കോൾമയിർ കൊണ്ടു. ഓണമങ്ങിനെ മണ്ണിൽ പണിയെടുക്കുന്നവർക്ക് വിള വെടുപ്പിന്റെ വസന്തോത്സവം ആയി മാറി. വഴി വാണിഭങ്ങൾ നിരന്നു, കോരന്റെ കുടിലിലും കിളി ക്കൊഞ്ചലുകൾ ഉയർന്നു. ആട്ടും പാട്ടും വഴിയോരങ്ങളെ ഉണർത്തി, ഊഞ്ഞാലുകൾ ഇളകിയാടി. കൊയ്തു കഴിഞ്ഞ പാടങ്ങളിൽ ഓണത്തല്ലുകാർ ഉശിരോടെ പൊരുതി.

ഓണത്തെപ്പറ്റിയുള്ള ആദ്യപരാമർശം നമുക്ക് കിട്ടുന്നത് സംഘം കൃതികളിൽ നിന്നാണ്. ‘മതുരൈ കാഞ്ചി’ യിൽ മാങ്കുടി മരുതനാർ (പൊതുവർഷം രണ്ടാം നൂറ്റാണ്ട്) ഓണത്തല്ലിനെ പരാമർശിക്കുന്നുണ്ട്. അക്കാലത്തുതന്നെ ദക്ഷിണേന്ത്യയിൽ ഓണാഘോഷങ്ങൾ നന്നായി പ്രച രിച്ചിരുന്നു. ഓണത്തെപ്പറ്റിയുള്ള ആദ്യത്തെ രേഖ നമുക്ക് ലഭിക്കുന്നത് പൊതുവർഷം 861–ലാ ണ്. ‘ചേന്തൻ ചങ്കരൻ ആവണിയോണമടുവാൻ’ കൊടുത്ത ഭൂമിയെപ്പറ്റിയാണ് ആ ശാസനത്തിലെ പരാമർശം. കേരളത്തിന് ശക്തമായ ഏകീകൃക ഭരണസംവിധാനം ഉണ്ടാകുന്നത് രണ്ടാം ചേരവം ശക്കാലത്തെ (പൊതുവർഷം 800–1122) പെരുമാൾ ഭരണകാലത്താണ്. ചേരരാജാക്കന്മാരിൽ ഏറെ പ്രശസ്തനായിരുന്നത് 844 മുതൽ 883 വരെ നാടുവാണ സ്ഥാണു രവി കുലശേഖരനാണ്. ഇദ്ദേ ഹത്തിന്റെ ഭരണകാലത്താണ് ഓണത്തെ പരാമർശിക്കുന്ന 861ലെ ശാസനം എന്നത് ശ്രദ്ധേയ മാണ്. ചേരഭരണത്തിന്റെ സുവർണ്ണകാലമായിരുന്നു അദ്ദേഹം ഭരിച്ച കാലം. മഹാഭാരതപണ്ഡിത നായിരുന്ന സ്ഥാണു രവി സുഭദ്രാധനഞ്ജയം, തപതീസംവരണം എന്ന രണ്ടു നാടകങ്ങൾ എഴു തിയിട്ടുണ്ട്. ഈ നാടകങ്ങളുടെ രംഗപാഠമായ വ്യങ്ഗ്യവ്യാഖ്യ കേരളത്തിലെ സംസ്കൃതനാടക ങ്ങളുടെ അവതരണത്തിൽ വലിയ വ്യതിയാനം വരുത്തുകയും കൂടിയാട്ടം ഉരുത്തിരിയുന്നതിന് കാരണമാകുകയും ചെയ്തു.

കേരളാധിപർ എന്നാണ് ചേരരാജാക്കന്മാർ സ്വയം വിശേഷിപ്പിച്ചിരുന്നത്. വ്യങ്ഗ്യവ്യാഖ്യ യിൽ കേരളാധിപനെന്നും കേരളേശ്വരൻ എന്നും കുലശേഖരനെ എടുത്തു പറയുന്നുണ്ട്. വടക്ക് ഏഴിമല മുതൽ തെക്ക് വിഴിഞ്ഞം വരെ വ്യാപിച്ചു കിടന്നിരുന്നു അന്നത്തെ കേരളം. ഭരണസൗക ര്യത്തിന് 14 നാടുകളായി രാജ്യത്തെ വിഭജിച്ചിരുന്നു. ഇന്നത്തെ ജില്ലയുടെ സ്ഥാനമാണ് നാടിനു ണ്ടായിരുന്നത്. കോലത്തുനാട്, വള്ളുവനാട്, വേണാട് എന്നിവ ഉദാഹരണങ്ങൾ നാടുവാഴുന്ന വർ എന്നാണ് നാടിന്റെ ഭരണാധിപന്മാരെ വിശേഷിപ്പിച്ചിരുന്നത്; ഇന്നത്തെ നിലയിൽ കളക്ടർ. രാജ്യത്തിന്റെ തലസ്ഥാനം മഹോദയപുരം ആയിരുന്നു. ചക്രവർത്തിയുടെ ആസ്ഥാനം അവിടെ യാണ്. ഇന്നത്തെ കൊടുങ്ങല്ലൂർ ആണ് മഹോദയപുരം, മാക്കോതൈ എന്നും പേരുണ്ട്. മഹോദ യപുരത്തിന്റെ സമ്പത്സമൃദ്ധിയെ വെളിവാക്കുന്ന അനേകം വർണ്ണനകളുണ്ട്, അക്കാലത്തെ രചനകളിൽ. മഹോദയപുരവർണ്ണനം എന്നൊരു കാവ്യം തന്നെയുണ്ട്. അതിലെ രണ്ടു ശ്ലോക ങ്ങളേ ഇപ്പോൾ നമുക്ക് ലഭിച്ചിട്ടുള്ളു. വ്യങ്ഗ്യവ്യാഖ്യാ ആരംഭിക്കുന്നത് തന്നെ വിസ്തൃതമായ മഹോദയ പുരവർണ്ണനയോടെയാണ് അന്നത്തെ കൊടുങ്ങല്ലൂരിന്റെ കാർഷിക സമൃദ്ധിയും പല നാടുകളിൽ നിന്നെത്തിയ കച്ചവടക്കാർ തിങ്ങിയ ആപണങ്ങളുമൊക്കെ ഈ വർണ്ണനകളിൽ തെളി ഞ്ഞുകാണാം. കേരളരാജ്യം 14 നാടുകളിലായി വിഭജിച്ചിരുന്നു എന്നു നേരത്തെ സൂചിപ്പിച്ചല്ലോ. ഇന്നത്തെ കാസർഗോട് കണ്ണൂർ ജില്ലകൾ ഉൾക്കൊള്ളുന്ന കോലത്തുനാടാണ് ഏറ്റുവും വടക്കേ അറ്റത്ത്. കൊല്ലം കേന്ദ്രമായി വിഴിഞ്ഞം വരെ വ്യാപിച്ചു കിടന്ന വേണാട് ആണ് തെക്കെ അറ്റത്തെ

നാട്. മദ്ധ്യദേശത്ത് ഉള്ള നാടാണ് കാല്ക്കരൈനാട്. മഹാബലിയുടെ ആസ്ഥാനം ഇവിടെ ആയിരുന്നിരിക്കണം. കാൽ വെച്ച കര എന്നത് (കാല്ക്കര) വാമനൻ കാൽകൊണ്ട് മഹാബലിയെ പാതാളത്തിലേക്ക് ചവിട്ടി താഴ്ത്തിയതിനെ ഓർമ്മിപ്പിക്കുന്നു. കാലിനെ ആദരസൂചകമായി തിരു എന്നു വിശേഷിപ്പിച്ചപ്പോൾ തിരുകാല്ക്കര നാടായി. ഇതാണ് തൃക്കാക്കര ആയത്. കണ്ണൻ പൊറയൻ ആയിരുന്നു അക്കാലത്ത് കാല്ക്കരൈയുടെ നാടുവാഴി. അക്കാലത്തെ യാത്രകളിലധികവും വെള്ളത്തിലൂടെയായിരുന്നു. പരമേശ്വരമംഗലത്തു നിന്ന് മഹോദയപുരത്തേക്ക് ഒരു പണ്ഡിതൻ അലംകരിച്ച വഞ്ചിയിൽ സഞ്ചരിച്ച് മഹോദയപുരത്തെത്തി രാജാവിനെ കാണുന്നതിന്റെ ഹൃദ്യമായൊരു വർണ്ണന വ്യങ്ഗ്യവ്യാഖ്യയിലുണ്ട്. ഈ അടുത്ത കാലം വരെ കൊച്ചിരാജാക്കന്മാർ കൊടുങ്ങല്ലൂരിലേക്കും തിരിച്ചും യാത്ര ചെയ്തിരുന്നത് ജലമാർഗ്ഗം ആയിരുന്നു. സ്ഥാനം ഒഴിഞ്ഞ വല്യതമ്പുരാൻ എന്ന് പ്രസിദ്ധനായ രാജർഷി കൊച്ചിയിൽ നിന്ന് കൊടുങ്ങല്ലൂരിലേക്ക് യാത്ര ചെയ്തത് കണ്ടതിന്റെ ഹൃദ്യമായ ഒരു ബാല്യകാലാനുഭവം പണ്ഡിറ്റ് കറുപ്പൻ തന്റെ സ്മരണകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓണക്കാലത്ത് തലസ്ഥാനമായ കൊടുങ്ങല്ലൂരിൽ നിന്ന് മഹാബലിയുടെ ജന്മദേശമായ കാല്ക്കരൈനാട്ടിലേക്ക് ആഘോഷപൂർവ്വം അകമ്പടിയോടെ മഹാരാജാവ് ജലമാർഗ്ഗേണ എത്തുന്നതാണ് ഓണത്തെപ്പറ്റി നമുക്ക് ലഭിക്കുന്ന പ്രാചീനമായ ആധികാരിക രേഖ.

കർക്കടകത്തിലെ തിരുവോണനാൾ മുതൽ ചിങ്ങത്തിലെ തിരുവോണനാൾവരെ 28 ദിവസങ്ങളിലാണ് അക്കാലത്ത് ഓണം ആഘോഷിച്ചിരുന്നത്. ഒൻപത് ദിവസം വീതമുള്ള മൂന്ന് ഭാഗങ്ങളുണ്ടായിരുന്നു ഓണാഘോഷത്തിന്. കൊടി ഉയർത്തലാണ് ആദ്യഭാഗത്തെ പ്രധാനചടങ്ങ്. പറയെടുപ്പാണ് രണ്ടാം ഘട്ടം. അത്തം മുതലുള്ള അവസാനത്തെ പത്തു ദിവസമാണ് ശരിക്കുള്ള ഓണോത്സവം. ഓണമാസമത്രയും നാടു മുഴുവൻ പലതരം കലകളുടെ അവതരണങ്ങളുണ്ടാകും. കലാകാരന്മാരുടെ സംഘങ്ങൾ നാടുകൾ തോറും സഞ്ചരിച്ച് പാട്ട് പാടിയും നൃത്തം ചെയ്തും ജനങ്ങളെ ആകർഷിക്കും. പറയെടുപ്പിന്റെ ദിനങ്ങളിൽ നെറ്റിപ്പട്ടമണിഞ്ഞ ആനയുടെ അകമ്പടിയോടെ വീടുകൾ സന്ദർശിച്ച് ധനധാന്യങ്ങൾ സംഭരിക്കും. അത്തത്തിൻ നാൾ തിരുവഞ്ചിക്കുളത്ത് നിന്ന് അലങ്കരിച്ച കെട്ടുവള്ളങ്ങളിൽ രാജാവും പരിവാരങ്ങളും സാഘോഷം തൃക്കാക്കരയിലേക്ക് എഴുന്നെള്ളുന്നതാണ് ഓണാഘോഷങ്ങളുടെ മുഖ്യഇനം. തണ്ടു വലിക്കാനും സുരക്ഷ ഒരുക്കാനുമായി അരയന്മാർ ഉൾപ്പെടെ വലിയൊരു കൂട്ടം പണിക്കാർ ഘോഷയാത്രക്ക് അകമ്പടി സേവിക്കും.

തൃക്കാക്കര എത്തുമ്പോൾ സ്വീകരിക്കാൻ കേരളത്തിലെ മുഴുവൻ നാടുവാഴികളും അവിടെ എത്തിയിരിക്കും. ഓണം വരെ അവർ തൃക്കാക്കരയിൽ ഉണ്ടാകും. ചിലർ മുഖം കാണിച്ച് അനുവാദം വാങ്ങി നേരത്തെ മടങ്ങും. ഉത്സവദിനങ്ങളിൽ എങ്ങും ആഹ്ലാദം അലതല്ലും. അന്നദാനം ഉണ്ടാകും. അത്തത്തിൻ നാൾ എല്ലാവർക്കും സദ്യ നിർബ്ബന്ധമാണ്. നാടുവാഴിയോ പ്രമാണിമാരോ ആയിരിക്കും ചിലവുകൾ വഹിക്കുക. കർക്കടകത്തിലെ പട്ടിണിക്കിടയിലും ജനങ്ങൾ ആർത്തുവിളിച്ചാഹ്ലാദിക്കും. വിളവെടുപ്പിന്റെ പൊൻചിങ്ങമാസത്തെ അവർ കാത്തിരിക്കും. തൃക്കാക്കര മാവേലിയുടെ ജന്മനാടെന്നപോലെ വാമനൻ കാൽവെച്ച കരയുമാണ്. വൈഷ്ണവർക്ക് ആദികാലം മുതലേ പുണ്യസ്ഥലമാണത്. വാമനമൂർത്തിയെ പ്രതിഷ്ഠിച്ച പ്രാചീനമായൊരു ക്ഷേത്രവും അവിടെയുണ്ട്. വാമനമൂർത്തിയുടെ ആരാധകനായിരുന്നു കുലശേഖരരാജാവ്. തപതീസംവരണം നാടകത്തിൽ വാമനമൂർത്തിയുടെ മനോഹരമായ രൂപം അദ്ദേഹം വർണ്ണിച്ചിട്ടുണ്ട്. നായിക അഭീഷ്ടസിദ്ധിക്കുവേണ്ടി പ്രാർത്ഥിക്കുന്നത് വാമനനോടാണ്. ആ കഥ നടക്കുന്നത് ഹിമാലയത്തിലാണ്. എങ്കിലും കവിയുടെ മനസ്സിലുണ്ടായിരുന്നത് തൃക്കാക്കര പ്രതിഷ്ഠയാണെന്ന് കരുതുന്നതിൽ തെറ്റില്ല. രാജാവിന് തൃക്കാക്കരയോടുള്ള താൽപര്യത്തിന് വാമനഭക്തിയും കാരണമാകാം.

1122ൽ ചേരഭരണം അവസാനിച്ചു. അവസാനത്തെ രാജാവായ രാമകുലശേഖരന്റെ കാലമായപ്പോഴേക്കും തലസ്ഥാനം കൊല്ലത്തേക്ക് മാറ്റിയിരുന്നു. ചോളന്മാരുടെ ശക്തമായ ആക്രമണത്തിന് മുൻപിൽ പിടിച്ചു നിൽക്കാൻ ചേരൻമാർക്കായില്ല. രാജ്യം ഛിന്നഭിന്നമായി. കൊടുങ്ങല്ലൂരിന്റെ പ്രതാപം അസ്തമിച്ചു; അതോടെ തൃക്കാക്കരയുടെയും. അനേകം ചെറുരാജ്യങ്ങളായി കേരളം മാറി. ഇവരിൽ മഹോദയപുരത്തിന്റെ പാരമ്പര്യം അവകാശപ്പെട്ടത് പിൽക്കാലത്ത് കൊച്ചി രാജാക്കന്മാരാണ്. പഴയ പ്രൗഢിയോടെയല്ലെങ്കിലും ഓണാഘോഷം അവർ തുടർന്നു. അത്താഘോഷയാത്ര കൊടുങ്ങല്ലൂരിൽ നിന്ന് കൊച്ചിയിലേക്ക് എന്നതിന് പകരം അതതുകാലത്തെ രാജാക്കന്മാരുടെ ആസ്ഥാനത്തിൽ എന്നാക്കി. 1701 മുതൽ കൊച്ചി രാജാവായിരുന്നത് ചാഴൂർ താവഴിയിലെ രാജരാജവർമ്മ ആയിരുന്നു. അക്കാലത്തെ അത്തച്ചമയം തൃപ്രയാറിനടുത്തുള്ള ചാഴൂർ വെച്ചായിരുന്നു. രാജർഷിയുടെ കാലംവരെ (1914) തൃപ്പൂണിത്തുറ കളിക്കോട്ടയായിരുന്നു കേന്ദ്രസ്ഥാനം. ഇടയ്ക്ക് തൃശ്ശൂരും അത്തച്ചമയം ഉണ്ടായിട്ടുണ്ട്. മദ്രാസിൽ തീപ്പെട്ട തമ്പുരാന്റെ കാല (1914-32) ത്താണ് ആസ്ഥാനം ഹിൽപാലസ് ആയത്. ചൊവ്വര തീപ്പെട്ട തമ്പുരാന്റെ കാലത്താണ് (1947) അവസാനമായി രാജകീയ പ്രൗഢിയോടെ അത്തച്ചമയം ആഘോഷിച്ചത്. അത്താഘോഷത്തിന് (1948) അന്തിമമായി പരീക്ഷിത്ത് തമ്പുരാൻ ചമഞ്ഞൊരുങ്ങിയത്. കേവലം ചടങ്ങെന്ന നിലയിൽ ലളിതമായിട്ടാണ്. തിരുക്കൊച്ചി സംയോജനത്തോടെ (1949) രാജകീയമായ അത്തച്ചമയം അപ്രസക്തമായി. വ്യാഴവട്ടക്കാലത്തെ ഇടവേളയ്ക്കുശേഷം 1960ലാണ് അത്തച്ചമയം ജനകീയാഘോഷമായി മാറിയത്. ആദ്യവർഷമിത് ഹിൽപാലസിൽ നിന്നാണ് ആരംഭിച്ചത്. പിന്നീട് തൃപ്പൂണിത്തുറ നഗരത്തിലേക്ക് പരിമിതപ്പെടുത്തി. ഇന്ന്, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട മതേതരാഘോഷങ്ങളിൽ ഒന്നാണ് ഓണത്തിന്റെ പൂവിളി ഉയർത്തുന്ന തൃപ്പൂണിത്തുറയിലെ അത്തച്ചമയാഘോഷങ്ങൾ. ചമയങ്ങളിന്ന് രാജാവിനല്ല, ജനങ്ങൾക്കാണ്.

കോഴിക്കോട്ട് സാമൂതിരിയും അത്തച്ചമയം ആഘോഷിച്ചെങ്കിലും അതിന് തുടർച്ച ഉണ്ടായിട്ടില്ല.

അത്തം നാളിൽ വേഷഭൂഷകൾ അണിഞ്ഞ് രാജാവ് ചമഞ്ഞൊരുങ്ങുന്നതാണ് അത്തച്ചമയം. ചേരന്മാരുടെ കാലത്ത് ചമയത്തിനുണ്ടായിരുന്ന പ്രസിദ്ധി പിൽക്കാലത്ത് ഉണ്ടായില്ലെന്നത് സ്വാഭാവികമാണ്. എങ്കിലും രാജകീയ പ്രൗഢി വിളംബരം ചെയ്യാനുള്ള അവസരമായിരുന്നു അത്. തലേന്ന് രാജാവിനെ ചന്തം ചാർത്തും. ക്ഷൗരം ചെയ്യലാണ് ചന്തം ചാർത്തൽ. രാവിലെ രാജാവ് ചമയമുറിയിൽ പ്രവേശിക്കുന്നു. നമ്പൂതിരിമാരും തിരുമുല്പാടന്മാരുമാണ് ചമയങ്ങൾ ചാർത്തുന്നത്. ചമയം തീർന്നാൽ നാടുവാഴിക്കാരണവന്മാർ മുഖം കാണിക്കുന്നു. ഈ സമയമത്രയും ചക്കംകുളങ്ങര ക്ഷേത്രപരിസരത്ത് വെച്ചിട്ടുള്ള മൂന്ന് പീരങ്കികൾ വെടിയുയർത്തിക്കൊണ്ടിരിക്കും. എട്ടുമണിക്ക് എട്ട് പേർ വഹിക്കുന്ന സ്വർണ്ണപ്പല്ലക്കിലിരുന്നു രാജാവ് യാത്ര ആരംഭിക്കുന്നു. കിരീടം മടിയിൽ വെച്ചിരിക്കും. സാമൂതിരിയെ തോല്പിച്ചിട്ടേ കിരീടം ശിരസ്സിൽ വയ്ക്കൂ എന്നൊരു പൂർവികൻ ശപഥം ചെയ്തിട്ടുള്ളതുകൊണ്ടാണ് ശിരസ്സിലണിയാത്തത്. കൊളുത്തിയ കുത്തുവിളക്കുകളും തീവെട്ടികളും ചുറ്റുമുണ്ടാകും. ഉദ്യോഗസ്ഥന്മാരും കുടുംബാംഗങ്ങളും ഊരിപ്പിടിച്ച വാളുമായി അകമ്പടി സേവിക്കുന്നു. ആന, കുതിര, കാലാൾപ്പട എന്നിവ ഒപ്പമുണ്ടാകും നൃത്തം ചെയ്തുകൊണ്ട് ദാസിയാട്ടക്കാർ മുൻപിലുണ്ടാകും. ഘോഷയാത്രക്ക് ശേഷം തമ്പുരാൻ സിംഹാസനത്തിലിരുന്ന് നമ്പൂതിരിമാർ, സാമന്തന്മാർ, മാടമ്പികൾ തുടങ്ങിയവർക്ക് പണം കൊടുക്കും. അവസ്ഥ അനുസരിച്ചാണ് ദാനത്തുക നിശ്ചയിക്കുന്നത്. പിന്നീട് വിഭവസമൃദ്ധമായ സദ്യയാണ്. അമൃതേത്തിന് 64 വിഭവങ്ങൾ വേണം. മൂന്നു വലിയ നാക്കിലകൾ തുന്നിക്കെട്ടി അതിലാണ് ഇവ വിളമ്പുന്നത്, പായസം തന്നെ വേണം എട്ടു കൂട്ടം.

അത്തം മുതൽ പത്തു ദിവസം ഓണാഘോഷങ്ങളാണ്. പണ്ട് എല്ലാവരും ജന്മദേശത്തു ചെന്ന് മാവേലി നാടുകാണാൻ വരുമ്പോൾ സ്വീകരിക്കുകയായിരുന്നു പതിവ്. പിൽക്കാലത്ത് അത് പ്രായോഗികമല്ലാതായി. അങ്ങനെയാണ് മാവേലി ഓരോ വീട്ടിലും സന്ദർശിക്കാൻ തുടങ്ങിയത്. മാവേലിത്തമ്പുരാനെ സ്വീകരിക്കാൻ ഓരോ വീടും ഒരുങ്ങും. അത്തം മുതൽ പരിസരം വൃത്തിയാക്കും. മുറ്റത്ത് പൂക്കൾ വിരിച്ച് അലങ്കരിക്കും. പൂക്കളം ഓണത്തിന്റെ പ്രധാനചടങ്ങായത് അങ്ങനെയാണ്. കളത്തിന്റെ വ്യാപ്തി ഓരോ ദിവസവും കൂടി വരും. പൂവിളിയോടെ പൂക്കളിറുക്കാൻ കുട്ടികൾ ഇറങ്ങും ദൂരദേശങ്ങളിൽ പോയിട്ടുള്ളവർ നാട്ടിൽ തിരികെയെത്തും. തമ്പുരാൻ തന്റെ വീട്ടിലേക്കെഴുന്നെള്ളുമ്പോൾ വരവേൽപിന് എല്ലാവരും വേണം. പുലർച്ചയ്ക്കാണ് എഴുന്നെള്ളത്ത്. ഓണത്തപ്പനെ ഉണ്ടാക്കി, പൂക്കളം വിരിച്ച്, മധുരപലഹാരമൊരുക്കി, ആർപ്പും കുരവയുമായി പുലരും മുമ്പേ എല്ലാവരും ചേർന്നു തങ്ങളുടെ പൊന്നു തമ്പുരാനെ സ്വീകരിക്കും. പിന്നീട് കാത്തിരിക്കും ഒരു വർഷം, അടുത്ത വരവിനായി.

4

കാലത്തിന്റെ ഇടനാഴികളിലൂടെ നടന്നു പോകുമ്പോൾ നല്ല കാലത്തിന്റെ ഓർമ്മകൾക്കുണ്ടാകുന്ന മാറ്റങ്ങളാണ് ഇതുവരെ വിവരിച്ചത്. നല്ല കാലത്തെ ചതിയാൽ കെടുത്തിയതിന്റെ അമർഷമായിരുന്നു ആദ്യം. വർഷത്തിലൊരിക്കലെങ്കിലുമൊന്ന് കാണാമല്ലോ എന്ന ആശ്വാസമാണ് പിന്നീട്. അതോടെ കയ്പേറിയ അനുഭവം മധുരിക്കുന്ന ഓർമ്മയായി. ഓൻപത്, പത്ത് നൂറ്റാണ്ടിലാണ് വ്യാപകമായ തരത്തിൽ ദേശത്തിന്റെ ഉത്സവമായി ഈ ഓർമ്മ മാറിയത്. കർക്കടകത്തിന്റെ കയ്പും ചിങ്ങത്തിന്റെ പ്രതീക്ഷകളും ഇതിനെ നിറം പിടിപ്പിച്ചു. അപ്പൊഴാണ് ആഘോഷം മൂന്നു ഘട്ടങ്ങളായി 28 ദിവസത്തേക്ക് നീണ്ടത്. അവസാനഘട്ടത്തിലെ പത്ത് ദിവസങ്ങളാണ് പിൽക്കാലത്ത് നിലനിന്നത്. അപ്പൊഴെക്കും ഉത്സവം ഗൃഹങ്ങളെ സമൃദ്ധമാക്കി. എങ്കിലും രാജകീയമായ പ്രൗഢികൾക്കായിരുന്നു മുൻതൂക്കം. സ്വാതന്ത്ര്യാനന്തരമാണ് മാവേലി കൂടുതൽ പ്രസക്തനായത്. സമത്വത്തിലും സാഹോദര്യത്തിലും മതേതരത്വത്തിലും വിശ്വസിക്കുന്ന ഒരു സംവിധാനത്തിൽ മാനുഷരെയെല്ലാം ഒരുപോലെ കണ്ട മാവേലി പ്രത്യാശയുടെ പ്രതീകമായി. ആ പ്രതീക്ഷയിലാണ് ഓണം നമ്മെ ആഹ്ലാദിപ്പിക്കുന്നത്.